# വനിത ശിശുവികസന ജോയിന്റ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ : ശിവന്യ എസ്.എൻ )**

വിഷയം : വനിത ശിശുവികസന വകുപ്പ് - സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി – തൃശ്ശൂർ,മലപ്പുറം ജില്ലകളിൽ നവീകരണം സാധ്യമല്ലാത്ത അങ്കണവാടികളെ ഒഴിവാക്കി പകരം അങ്കണവാടികളെ ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു . പുറപ്പെടുവിക്കുന്നു.

പരാമർശം 1): സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2): ഈ കാര്യാലയത്തിലെ 06.05.2021,18.06.2021 എന്നീ തിയ്യതികളിലെ ICDS / B1-39936/13 ഇതേ നമ്പർ കത്തുകൾ .

3): ഈ കാര്യാലയത്തിലെ 12.10.2021,08.11.2021 ,06.12.2021 എന്നീ തിയ്യതികളിലെ ICDS / B1-15052/21 ഇതേ നമ്പർ ഉത്തരവുകൾ .

4): മലപ്പുറം പ്രോഗ്രാം ഓഫീസറുടെ 04.01.2022 ലെ ബി-413/21 നമ്പർ കത്ത്

5) തൃശ്ശൂർ പ്രോഗ്രാം ഓഫീസറുടെ 18.01.2022 ലെ PO/TSR/D-835/21 നമ്പർ കത്ത്

---

**ഉത്തരവ് നം. ICDS/B1/15052/21** **തീയതി: 18.01.2022**

---

വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് ഐ സി ഡി എസ് പദ്ധതി മുഖേന പ്രത്യേക പരിരക്ഷ നൽകുന്നതിന്റെ ഭാഗമായി സ്പെഷ്യൽ അങ്കണവാടി പദ്ധതി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി ലഭിക്കുകയുണ്ടായി . സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള 84 അങ്കണവാടികൾ 2 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ വിഭിന്നശേഷി സൗഹൃദമായ അങ്കണവാടി കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിലേക്ക് പരാമർശം (3 ) ഉത്തരവുകൾ പ്രകാരം ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്.

. സ്പെഷ്യൽ അങ്കണവാടി പദ്ധതിയിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുന്നതിനായി 15.01.2022 ന് പ്രോഗ്രാം ഓഫീസർ, ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുമായി വീഡിയോ കോൺഫറൻസ് മുഖാന്തിരം മീറ്റിംഗ് കൂടിയിരുന്നു.എന്നാൽ പ്രസ്തുത മീറ്റിംഗിൽ അനുവദിച്ചിട്ടുള്ള അങ്കണവാടികളിൽ പൊന്നാനി പ്രോജക്ടിലെ സെന്റർ നം .106 അങ്കണവാടിക്ക് ഗതാഗത സൗകര്യം പരിമിതമായതിനാൽ ടി അങ്കണവാടി ഒഴിവാക്കി പകരം സെന്റർ നം .109 അങ്കണവാടി ഉൾപ്പെടുത്തുന്നതിനും തളിക്കുളം പ്രോജക്ടിലെ സെന്റർ നം .106 അങ്കണവാടിക്ക് റാംപ് നിർമ്മിക്കുന്നതിനായുള്ള സ്ഥല സൗകര്യം ഇല്ലാത്തതിനാൽ ടി അങ്കണവാടി ഒഴിവാക്കി പകരം സെന്റർ നം .109 അങ്കണവാടി ഉൾപ്പെടുത്തുന്നതിനും ബന്ധപ്പെട്ട സി.ഡി .പി .ഒ മാർ അറിയിച്ചിരുന്നു .

സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി അങ്കണവാടി തെരഞ്ഞെടുക്കുമ്പോൾ മേൽ വിഷയങ്ങൾ പരിശോധിക്കാതെ പ്രൊപ്പോസൽ സമർപ്പിക്കുന്നതും സെപ്റ്റംബർ 2021 ൽ പദ്ധതി നടത്തിപ്പിനായി അനുവദിച്ച ഫണ്ടിന്മേൽ പരിശോധനകൾ പൂർത്തിയാക്കി ആവശ്യമായ നടപടി സ്വീകരിച്ച് സമയബന്ധിതമായി ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതും

ഗുരുതരമായ വീഴ്ചയാണ് . എന്നിരുന്നാലും നടപ്പ് സാമ്പത്തിക വർഷം (2021-2022) കർശനമായും ടി തുക ചെലവഴിച്ച് നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുമെന്ന് പ്രോഗ്രാം ഓഫീസറും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (4),(5) പ്രകാരമുള്ള തൃശ്ശൂർ,മലപ്പുറം പ്രോഗ്രാം ഓഫീസർമാരുടെ അഭ്യർഥന പരിഗണിച്ച് പരാമർശം (3) പ്രകാരം അനുമതി നൽകിയിരുന്നതും നവീകരണം സാധ്യമല്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ അങ്കണവാടികളെ ഒഴിവാക്കി പകരം അങ്കണവാടികൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം സ്പെഷ്യൽ അങ്കണവാടി പദ്ധതിക്ക് അനുമതി നൽകി പരാമർശം (3) ഉത്തരവ് ഭേതഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ജില്ല | പ്രോജക്റ്റിന്റെ പേര് | അനുമതി നൽകിയിരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | | പകരം അനുമതി നൽകുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനവും അങ്കണവാടി സെന്റർ നമ്പരും | |
|---|---|---|---|---|---|---|
| 1 | മലപ്പുറം | പൊന്നാനി | വട്ടക്കുളം | 106 | വട്ടക്കുളം | 109 |
| 2 | തൃശ്ശൂർ | തളിക്കുളം | എങ്ങണ്ടിയൂർ | 111 | എങ്ങണ്ടിയൂർ | 14 |

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് . മേൽ ഭേദഗതികളോടെ പരാമർശം (3) ഉത്തരവുകൾ നിലനിൽക്കുന്നതാണ്. സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തനങ്ങളും പർച്ചേസ് നടപടികളും ഫെബ്രുവരി 15 നകം പൂർത്തീകരിക്കേണ്ടതും യു.സികൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ് .

(ഒപ്പ്)
**വനിത ശിശുവികസന ജോയിന്റ് ഡയറക്ടർ**

ജില്ലാ വനിത ശിശു വികസന ഓഫീസർ. തൃശ്ശൂർ,മലപ്പുറം

പകർപ്പ്:

1) പ്രോഗ്രാം ഓഫീസർ, തൃശ്ശൂർ,മലപ്പുറം
2) ബന്ധപ്പെട്ട CDPO മാർക്കും.
3) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ മേധാവിക്ക് (സി.ഡി .പി .ഒ മുഖാന്തിരം)
4) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

സൂപ്രണ്ട്